63/Est/2018

"ഭരണഭാഷ - മാതൃഭാഷ"

ചീഫ് എൻജിനീയറുടെ കാര്യാലയം
തദ്ദേശസ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ളക്സ്, മൂന്നാം നില
പബ്ലിക്ക് ആഫീസ് ബിൽഡിംഗ്,
തിരുവനന്തപുരം-33

Phone : 0471-2324951
0471-2325071
TeleFAX:04712324951
email: celsgd@gmail.com
website: www.celsgd.kerala.gov.in

നം.ഇ8/2229/15/സിഇ/തസ്വഭവ    തീയതി : 08.02.2018

# സർക്കുലർ

വിഷയം:- തസ്വഭവ (എൻജിനീയറിംഗ് വിഭാഗം) - 2017-ലെ മലയാള ദിനാഘോഷം, ഭരണഭാഷാവാരാഘോഷം, ഭരണഭാഷാവർഷാഘോഷം-തുക വിനിയോഗം റിപ്പോർട്ട് ലഭ്യമാക്കുന്നത് സംബന്ധിച്ച്.

സൂചന:-1. സർക്കാർ സർക്കുലർ നം.ഔ.ഭാ.4/28/17/ഉ.ഭ.പ.വ തീയതി 27.09.2017
2. ഇതേ നം.ഓഫീസ് മേലെഴുത്ത് തീയതി 28.10.2017

************************************************

മേൽ സൂചന (1) ലെ സർക്കാർ സർക്കുലർ പ്രകാരം, 2017 ലെ മലയാള ദിനാഘോഷം, ഭരണഭാഷാവാരാഘോഷം, ഭരണഭാഷാവർഷാഘോഷം എന്നിവ സംബന്ധിച്ച റിപ്പോർട്ടും, പ്രസ്തുത പരിപാടിയിലേക്കായി ചെലവഴിച്ച തുക സംബന്ധിച്ച വിവരവും സർക്കാരിലേക്ക് സമർപ്പിക്കേണ്ടതായിട്ടുണ്ട്. സൂചന (2) പ്രകാരം, ടി റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള നിർദ്ദേശം എല്ലാ നിയന്ത്രണാധികാരികൾക്കും നൽകിയിരുന്നു. എന്നാൽ ടി റിപ്പോർട്ട് പല കാര്യാലയങ്ങളിൽ നിന്നും ഇതുവരേയും ലഭ്യമായിട്ടില്ല. ടി റിപ്പോർട്ട് (ചെലവഴിച്ച തുക ഉൾപ്പെടെ) ഇനിയും സമർപ്പിക്കാത്ത നിയന്ത്രണാധികാരികൾ, ഫെബ്രുവരി 28-ാം തീയതിയ്ക്കകം ഇ-മെയിൽ മുഖേന സമർപ്പിക്കേണ്ടതാണ്. എൽ.എസ്.ജി.ഡി സെക്ഷൻ, സബ് ഡിവിഷൻ, മുനിസിപ്പാലിറ്റി എന്നീ കാര്യാലയങ്ങളിൽ നിന്നും റിപ്പോർട്ട് ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിലേക്ക് നേരിട്ട് അയക്കേണ്ടതില്ല. എൽ.എസ്.ജി.ഡി ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ സെക്ഷൻ, സബ് ഡിവിഷൻ എന്നിവിടങ്ങളിൽ നിന്നും, എൽ.എസ്.ജി.ഡി ദക്ഷിണ/ഉത്തര മേഖലാ സൂപ്രണ്ടിംഗ് എഞ്ചിനീയർമാർ നിർദ്ദിഷ്ട മുനിസിപ്പാലിറ്റികളിൽ നിന്നും, പ്രസ്തുത റിപ്പോർട്ട് ക്രോഡീകരിച്ച് തന്നെ സമർപ്പിക്കേണ്ടതാണ്. കെ.എസ്.ആർ.ഡി.എ, കോർപ്പറേഷൻ എന്നീ ഓഫീസുകളിൽ നിന്നും നേരിട്ട് റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

ചീഫ് എഞ്ചിനീയർ

പകർപ്പ്:-

1) എല്ലാ സൂപ്രണ്ടിംഗ് എൻജിനീയർമാർക്കും (ഉത്തരമേഖല/ദക്ഷിണ മേഖല/കോർപ്പറേഷൻ/ കെ.എസ്.ആർ.ആർ.ഡി.എ)
2) എല്ലാ എക്സിക്യൂട്ടീവ് എൻജിനീയർമാർക്കും.(എൽ.എസ്.ജി.ഡി ഡിവിഷൻ/പി.ഐ.യു)

S 231